ബി. വി. നാലണാപദ്യപ്രസിദ്ധീകരണങ്ങൾ.

25535

# പ്രേമം.

E 332

ഗ്രന്ഥകർത്താ,

ഡാക്ടർ എൻ. സി. നായർ.

പ്രസാധകന്മാർ,

ബി. വി. ബുക്ക്ഡിപ്പോ & പ്രിന്റിങ്ങ് വർക്സ്,

തിരുവനന്തപുരം.

(ഒന്നാംപതിപ്പ്)

1113] [വില അണ 4.

എല്ലാം പ്രതികളിലും ഗ്രന്ഥകർത്താവിൻേറയും പ്രസാധകൻേറയും അടയാളമുണ്ടായിരിക്കും.

PRINTED AT THE
B. V. BOOK DEPOT & PRINTING WORKS,
TRIVANDRUM.
1937.

# പ്രാർത്ഥന

പ്രേമം—ആ നിത്യാനന്ദകരമായ നിർവ്വാണവേദം—അതിൽ പുഞ്ചിരിയിടുന്ന മായാമാധുരി വികസിപ്പിക്കുന്ന വികാരകോരകം, അലതല്ലി അപഥം ചാർത്തുന്ന അന്തരംഗം. നിരാശാപൂരിതമായ ക്രൂരിതൾ ക്കരങ്ങൾ വിനാശം കോരുന്ന പരിരംഭണം.

പുളകം പൂശി സൽക്കരിക്കുന്ന നിത്യതയുടെ വിജയപതാക നിഹതനായ നിന്നെ അതാ താലവൃന്തം വീശി എതിരേൽക്കുന്നു. ആ കൊച്ചോടം വൈരപ്പൊടിപ്പുറ്റ പർണ്ണശാലയിലേയ്ക്കു നിർബ്ബാധം സഞ്ചരിക്കട്ടെ! അതിലെ മിന്നൽപ്രഭാപൂരത്തിൽ നൃത്തം തത്തുന്ന കൃതാർത്ഥതാമരീചി വിശ്രമാനന്ദം വിതറുമാറാകട്ടെ!!

സൌഹാർദ്ദം തുളുമ്പുന്ന സഹൃദയാരാമത്തിൻ്റെ മുമ്പിൽ എൻ്റെ വിനീതമായ കൈക്കുമ്പിൾ.

ചങ്ങനാശ്ശേരി<br>24—1—113.

(എൻ. സി)

25335
E332

# പ്രേമം

"ഓമനെ"—വെന്തുവെന്തന്തരംഗ

പ്രേമം കരഞ്ഞു കരിഞ്ഞുഴന്നു.

ii

വാസവദിങ്മണി വാസരേശ

ഭാസുരചുംബന ബിംബിതയായ്

കാമിതമോഹന വാനമാനം

തൂമയിൽ തൂവി തൂ മന്ദഹാസം.

അപ്പൂതു പുണ്യപ്പൊരുളിൽഞാനെൻ

ചിൽപ്രഭാവേശം വിശദമാക്കി.

iii

ക്രൂരിരുൾ നീങ്ങിയ കുന്തളവും
വാരിജ ചാരു നിവേദനവും
പാടലമോടി; പരാഗപൂരം
പേടമാൻ ലീലാവിലാസസാരം.
ആടലാന്നമ്പരന്നാശയററ
വാടിനിലത്തു പതിച്ചുപോയ് ഞാൻ.

iv

വിൺവെടിഞ്ഞങ്ങു പറന്നു രണ്ടു
പൊൻവരവണ്ണ പതത്രികകൾ

v

അമ്മൃദുമോഹന ഗാനമയ്യോ!
അമ്മണി വേദ നിനദമയ്യോ!!

# സർഗ്ഗം രണ്ടു്

i

ഓളങ്ങളാം കരജാലമാട്ടി
താളമടിപ്പൂകളിന്ദ ബാല
രാഗവൈശിഷ്ട്യ വിലോലലീലാ-
ഭാഗമനോജ്ഞ മണിസ്വനത്താൽ.

ii

നാഥന്റെവിസ്തൃത മാറിടത്തിൽ
പ്രേമരോമാഞ്ചം വിതയ്ക്കുവാനായ്
വല്ലകീതന്ത്രികൾ മീട്ടിമീട്ടി
മെല്ലെർഗ്ഗമിച്ചവളൂഢമോദാൽ.

iii

ബുദ്ബുദമൊട്ടൊട്ടുദിച്ചു തത്തി
പ്പൊട്ടിത്തെറിച്ചു നശിക്കയായി.
മുല്ലപ്രസൂനങ്ങളെന്നപോല-
ങ്ങുല്ലസിച്ചസ്തമിച്ചാ നുരകൾ.
കള്ളച്ചിരികളിടയ്ക്കുദിച്ചു
വെള്ളത്തിരയിലൊളിച്ചുവേഗം.

iv

ഗോരസജീവികളൊത്തു കണ്ണൻ
ഗോ രസമോടിയുതിത്തകാലം
പൊട്ടിത്തെറിച്ചൊരപ്പുണ്യവേദം
പെട്ടെന്നതിൽ നിന്നുദിച്ചുയൎന്നു.

v

ഓമനെ! നിന്നെക്കൊതിച്ചുഞാന-
ക്കാളിന്ദി തന്നിൽ പതിച്ചതില്ല.

## സൎഗ്ഗം മൂന്നു

i

കാശാകുസുമങ്ങളെന്നപോലെ
പേശലമഞ്ജുള മൌക്തികങ്ങൾ
ആശയ ചിന്താശതങ്ങൾ ചൂഴം
ഭാസുര സൈകതപ്പൊൻതരികൾ.
നീലനീരാളത്തുകിലണിഞ്ഞ
ബാലഗോപാല ദുക്കൂലക്കൂലം
അമ്മണൽതിട്ട കവൎന്നിരുന്നു
നിൎമ്മലരാഗപരാഗപൂരം.

ii

പൊന്നൊളിമഞ്ജു മരാളകത്തിൽ
സുന്ദര മന്ദഹസിതഭാവം
ഉന്നതമങ്ങലകൊണ്ടിരുന്നു
ഉന്നമിപ്പിച്ചു പുളകജാലം.

iii

അപ്പൊളുമഞ്ചാരു കൊച്ചടികൾ
നില്പുണ്ടു തെല്ലുമഴിഞ്ഞിടാതെ

iv

ആനന്ദപൂരമപ്പുണ്യതാരം
ഞാനൊന്നൊന്നായ് നോക്കിനിശ്ശബ്ദിച്ചു.
പുഞ്ചിരിച്ചില്ല; കലമ്പിയില്ല;
വഞ്ചിക്കമാത്രമീ ലോകകൃത്യം.

v

അത്തിരുപാദത്തിലപ്പൊഴും നൽ
കാൽചിലമ്പൊച്ച മുഴങ്ങിനിന്നു.

— ആറ് —

vi

ഹേമഭാഗങ്ങൾ വരുത്തു താപം
ആമയവഹ്നികണങ്ങളേററം
തൂകി, എൻ നേത്രങ്ങളച്ചുവടി-
ന്നേകിയില്ലെത്ര മനോജ്ഞഹാരം!

vii

പാലൊളിപ്പൂനിലാവുമ്മവച്ച
പാലാഴിവെള്ളത്തിരനിരയിൽ
വീപ്പ്ണയ്ക്കാതക്കലിക "പൂത്താൻ
പൂത്തി"ക്കളിച്ചു കുറച്ചുമന്നേ.
ആ വടിവൊട്ടും വടിഞ്ഞതില്ല;
തൂവിയ വീർപ്പുമണഞ്ഞതില്ല.

viii

ഫാലകതാലമണിഞ്ഞതാര
ജാലങ്ങൾ മൌക്തികനായികമാർ
വാടിവരണ്ടു നിലംപതിച്ചു
പാടിക്കുഴഞ്ഞതില്ലാത്മരാഗം.

ix

നിസ്തുലമൂല്യമതിൻെറ ഗീതം
നിസ്തുലവേദമതിൻെറ സാരം

x

'ഓമനേ' എന്നൊന്നുയൻചിത്തം
പ്രേമതരംഗം ചുഴന്നകന്നു.

2535

## സർഗ്ഗം നാല്

E332

i

കൊച്ചുകളിപ്പുര ദൂരെയൊന്നു-
ണ്ടുച്ചസൗഭാഗ്യമുതിർത്തിടുന്നു.

ii

പ്രാണസംപൂജ്യ മധുവകന്നു
ക്ഷീണംവളർന്നുള്ള കൊച്ചെല്ലുമ്പാൽ.
മാമരച്ചില്ലകളൊട്ടനേകം
തൂമയിൽ ചേർന്ന കളിപ്പുരയിൽ.
നഷ്ടമായ്‌പോയ നിമേഷഭാഷ്യ
മൊട്ടൊട്ടുപൊട്ടി വരച്ചിരുന്നു.

iii

സ്വാത്മസന്തോഷത്തിനല്ല രാഗം
അർത്ഥികൾക്കാത്മപ്രകാശ ഭാഗം.

iv

അക്കളിമന്ദിരമെന്റെ കൊച്ചു
പൊൽക്കിളിതത്തിക്കളിപ്പതത്രേ.
നിർമ്മലകന്ദുകമപ്പുരയിൽ
അമ്മാനമാടിത്തളർന്നിരിക്കാം.
വിണ്ണിൽ നിറങ്ങൾകലർന്നിരിക്കാം
മണ്ണിൽ-പൊടികളണിഞ്ഞിരിക്കാം.

v

പൊങ്കുടം പൂഴി പുരണ്ടനേരം
എങ്കരളല്ലോ പൊരിഞ്ഞപാരം

vi

ചെപ്പടിവിദ്യ രസിക്കുമെന്നാൽ
ചെപ്പടിച്ചെന്തിനലച്ചിടേണം.

vii

കൂട്ടുകാരില്ല കുഴൽവിളിപ്പാൻ
കൊട്ടുകാർ താളമിണക്കുവാനും
പട്ടടചൂടിയില്ലൊന്നു;മോമൽ
പട്ടടയാരും നിനച്ചുമില്ല.

നഷ്ടമായ് വിട്ടുപിരിഞ്ഞ കൊച്ചു-
കട്ടിലുതിർപ്പതുണ്ടശ്രുജാലം.

viii

പമ്പരംചുററി ഞാൻ തീരമെത്തി
പമ്പരം, ചുററിക്കറങ്ങിയോടി.

ix

ഓടിയ ചിത്തം പൊഴിച്ചുമററും
നേടിയ രാഗവികാരഭാരം.

# സൎഗ്ഗം അഞ്ച്

i

പ്രാണനാഥയ്ക്കുയിരേകുവാനെൻ
ചേണെഴുമോടക്കുഴലുപോരും
കണ്ടതില്ലെന്റെ മുരളി, ലോകം
മിണ്ടിയില്ലേററം വിരോധമായി.

ii

[illegible]ോമനപ്പാൽച്ചെടിയൊന്നുദിച്ചു
കാമിതരൂപമിയന്നുയൻ.

iii

ചെഞ്ചൊടിപ്പല്ലവത്തെല്ലുപോലും
പുഞ്ചിരിക്കൊത്തൊരു കുഡ്മളത്തിൽ
വണ്ടണഞ്ഞെന്തിനൊഴുകിടേണം
ചുംബനാനന്ദസുധാകണങ്ങൾ.

iv

അച്ചെടിപത്രങ്ങളാട്ടിയാട്ടി
മെച്ചമാമാശ്ലേഷമാശ്രയിക്കേ
ഉച്ചലിച്ചങ്ങൊട്ടടുത്തുനിന്നു
കൊച്ചുമനോജ്ഞ മഹിതവല്ലി.

v

അല്പമായോടി കുളിരിളംകാ-
ററുല്പതിപ്പിച്ചു പുളകമേററം.

vi

മിത്രമനോഹര സ്വീകരണ
കൃത്യമിയന്ന കരനികരം
അല്പമായ് മന്ദഹസിച്ച വല്ലി
പുഷ്പഹൃദയം പുണന്നുനിന്നു.

vii

നീതസ്വഭാവമുലകണിയും
പൂതസംപൂജ്യമണിമകുടം.

viii

പോയതും പോകുന്ന രീതികളും
പോകുവാനുള്ളതുമാരുകണ്ടു?

ix

ആശവന്നങ്ങിങ്ങണഞ്ഞിടുമ്പോൾ
പേശലമായിക്കണ്ണങ്ങിടുമ്പോൾ
ഏഴുവണ്ണങ്ങൾ കലൎന്നുകാണാം.
ഏഴുമോരോന്നായ് തിരിഞ്ഞുകാണാം.

x

ചാൺവയറെന്നേയ്ക്കുമായി വീൎത്താൽ
ചായം ചതിക്കുവിനഷ്ടമായി.

xi

രാഗസംപൂൎണ്ണമാം ചക്രവാളം
രാപകലാക്കുന്ന ഭാഗ്യഗോളം.

xii

അച്ചെടിവിട്ടു പറന്നുടനെൻ
കൊച്ചുമുരളി പഠിച്ച രാഗം.

# സർഗ്ഗം ആറ്

i

മഞ്ജുനികുഞ്ജകം നർത്തനമാ-
ണ്ടഞ്ജസാമഞ്ജീരശിഞ്ജിതത്താൽ
മഞ്ഞുതളിച്ചുപുളച്ചുദേശം
മഞ്ഞക്കിളികൾ പറന്നൊളിച്ചു
മഞ്ജരിപുണ്യമണിച്ചിരിയാൽ
നെഞ്ചിലാനന്ദമലച്ചൊഴുകി
നല്ല മരതകപ്പച്ചിലകൾ
അല്ലിനെപ്പുൽകി നിരാഗചൂടി.

ii

അല്ല;വെളിച്ചമിരുളിൽനിന്നുൽ-
ഫുല്ലമാം തത്വവിജ്ഞാനമെന്നും.

iii

മാധുൎയ്യത്തേൻകണരാഗസാരം
മാനവസ്വർഗ്ഗപീയൂഷപൂരം

iv

ആശാവസനം പുതച്ചുലോകം
ശാശനഛേരാതലസമൂകം
ഒന്നിനൊന്നമ്മാനമാടിയാടി
ഭിന്നമായ് കാൽമേൽമറികയായി.

v

പൊങ്ങിയപത്രമുണങ്ങിപിന്നെ
മങ്ങുവാൻ മറെറാന്നുദിക്കയായി.

vi

വെയ്ലേററു; കാറേററുവർഷമേററു
മെയ്‌വളർന്നങ്ങിനെയന്തരിച്ചു.
വന്നതുംപോയതുമത്രകാലം
നിന്നതും ഭൂഭരമൊന്നുമാത്രം.

vii

രണ്ടുകണ്ണിന്റെകരച്ചിലിലും
ആനന്ദം സ്വാർത്ഥവിനോദവിത്തം.

viii

അങ്ങുകടന്നുചുഴന്നുഞാനും
മംഗളരാഗം പറന്നകന്നു.

# സർഗ്ഗം ഏഴ്

i

പ്രേമമാം നീലക്കിളികളിക്കും
കോമളവേദിവിശുദ്ധമേററം.

ii

ഒന്നിലുംസുസ്ഥിരമല്ലപൊന്നിൻ
കന്ദളം മാറിത്തിരിഞ്ഞിടുന്നു.

iii

പുൽക്കൊടിത്തുഞ്ചിലും ചില്ലയിലും
പച്ചിലക്കൂട്ടിലുപവനത്തിൽ
മാമരപ്പോട്ടിലും ഗഹ്വരത്തിൽ
മാമറ ചാടിക്കളിച്ചിരുന്നു.
പാററകൾ വന്യമൃഗങ്ങൾ നൽപ്പൂം
പാററകൾ ലോഹം മനുജരെല്ലാം

മുററുമിട്ടിവ്യപ്രണയചിത്രം
പററിക്കുറച്ചുതെളിഞ്ഞിരുന്നു.

iv

നിൎമ്മലപ്രേമമിതാകടന്നെ-
ന്നമ്മൃദുഗീതമുയന്റു കഷ്ടം!

# സൎഗ്ഗം എട്ട്

i

ഉച്ചവെയ്ലേല്ക്കാതെന്നോമനയാം
പച്ചിലഹൎമ്മ്യത്തിൽ പാൎത്തിരുന്നു:
ദീപപ്രകാശമുയൎന്നുവെന്നാൽ
താപമിരുളലംകോരിനിന്നു.

ii

ദാനവും ധൎമ്മവും സത്യവുമി-
ല്ലാനന്ദമെപ്പൊഴുമാധിമൂലം.

iii

മാമലമോളിലും കുണ്ടിലുമു-
ണ്ടാമയവാതം വിളങ്ങിനില്പൂ.
ഓടയുതിക്കും ദുൎവാടയുംനൽ
പാടീരമോടിയും ഭൂവണിയും
ഫുല്ലപ്രസൂനസുഗന്ധമേററാൽ
"വല്ലം കുതിക്കുന്നു"ണ്ടൊട്ടുലോകം.

iv

വല്ലകീമാരിലും രാഗമെന്നാൽ
മല്ലമഥനൻ മനോഭിരാമൻ

v

അമ്മണിമാളികതന്നിൽനിന്നെൻ
കണ്മണിഗീതമുതിർത്തിരുന്നു.

vi

ചുററും മിഴികളാൽ നൃത്തമാടി
കററക്കരിംകുഴൽമാടിമാടി.
വാനത്തുനിന്നും വരുന്നൊരോമൽ
വാരിദത്തുണ്ടിൽ ഞാനെത്തിയെങ്കിൽ!

vii

അമ്മനോമോഹനനീലവേണി
എമ്മുരമാഫി നിവന്നതല്ലോ.

viii

കാൽവരെക്കാറൊളി കാമിനിയിൽ
കാണുകതന്നെധരക്കു മോദം!

## ix

ആടലാറ്റാഞ്ഞങ്ങണഞ്ഞ നേരം
മേടവിട്ടെങ്ങോകടന്നുതാരം
രാഗമകന്നൊരമ്മാളികതൻ
ഭാഗങ്ങൾ മങ്ങിക്കരിഞ്ഞിരുന്നു.

# സർഗ്ഗം ഒൻപതു്

i

യാനവിക്ലാന്തി കലർന്നപാരം
ഭാനുമാൻസാദമിയന്ന നേരം
കുന്നുകൾരണ്ടിന്നുയച്ച്നൽകും
സൂന്ദരമായൊരു താഴ്‌വരയിൽ
ക്രൂത്തുനിശിതമായുള്ള രണ്ടു
നേത്രമലസമായ് നിന്നിരുന്നു.

ii

ലക്ഷ്യമാകാത്ത ശിലകൾപോലും
പക്ഷമിറുന്നു മറിഞ്ഞിരുന്നു.
വജ്രനിശിത കടാക്ഷജാലം
വിദ്യുല്ലതികപോലങ്ങുഴന്നു.
ആ മിന്നലെത്തിപ്പുണർന്നതെല്ലാം
ഹാ മങ്ങി മങ്ങിത്തളർന്നിരുന്നു.

iii

പ്രേമസുരഭിലരാഗമോടെൻ
കാമിനിനമ്രവദനയായി
മെല്ലെയത്താഴ്‌വരവിട്ടുപോകും
കല്ലോലിനിതന്നരികിൽനിന്നു.

iv

നേർത്തപൂം പട്ടുകൾപോലെമിന്നി-
നീർത്തണപ്പുററ തളിരിലകൾ
പാടലപാണിചെങ്കുങ്കുമത്തിൻ
മോടിവളർത്തിപ്പറിച്ചെടുത്തും;
ദൂരത്തിളംതൃണമാഹരിക്കും
സാരംഗപ്പൈതലെ നോക്കിനിന്നും;
ഓരോ വികാരവിശേഷരൂപ
മോരോന്നണിഞ്ഞുമഴിഞ്ഞുതിന്നും;
ആയിരംഭാവമഭിനയിച്ചും;
മായികവിദ്യകളഭ്യസിച്ചും;

ഓമലാൾ മോഹിനിയായ നേരം
കോമളമായസ്ഥലിയപാരം.

V

ഒന്നുഞാനുററു മിഴിച്ചുനോക്കി
സുന്ദരരൂപം കുതിച്ചുചാടി.

# സർഗ്ഗം പത്തു്

i

നല്ല മരതകപ്പട്ടുടുത്ത
മല്ലനികുഞ്ജകക്കൊച്ചുറാണി.
പൊൽക്കളകണ്ഠമധുരരാഗ-
മക്കളകണ്ഠം പൊഴിക്കയായി.

ii

ഫുല്ലപ്രസൂനമെടുത്തുതീർത്ത
കല്യമനോഹരശുഭ്രവസ്ത്രം
പ്രേമച്ചുരുൾതിരയ്ക്കുള്ളിലെത്ര
കാമിതഹാരങ്ങളാകയില്ല!

iii

പാൽനറുംപുഞ്ചിരിതൂവിനില്ക്കേ
പാഞ്ഞണയാത്തോരനിലനേതോ
സുന്ദരമായിച്ചുമഞ്ഞിരിക്കേ
വന്നെതിരേല്ക്കാത്ത ചിത്തമേതോ

— ഇരുപത്തി ആറു് —

സൌഭാഗ്യത്തേനിൽ മുഴുകിടുമ്പോൾ
ശോഭപൂൽകാത്ത തരുക്കളേതോ
പാരംപരിമളമാർന്നിരിക്കേ
പാരെത്രമാത്രം പുളകമാകും.
ആടിവിളിക്കുന്നനുകനപ്പൂം
വീടികക്കേററം കുളുർമചേരാൻ.

iv

നൽപരിഹാസമിയന്നഹാസ-
മപ്പതിയോടുമുരയ്ക്കുവാനായ്
അപ്രഭാഭാവം പ്രതിഫലിച്ചു
നില്പുണ്ടക്കല്യയിലങ്ങുമിങ്ങും

v

അപ്പൂതുപൂക്കൾ മയങ്ങുമാറെ-
ന്നൾപ്രേമദന്തം ചൊടികടിക്കേ:
വ്രീളയാലാനനം താഴ്ത്തിനിന്നു
ലോലലതികതതി പതുങ്ങി.

vi

ആലോലമന്ദാനിലന്ദാരം
താലോലതാളമുതിത്തനേരം

സ്വാന്തവിപഞ്ചിക തങ്കന്തുലിൽ
ധ്വാന്തവിനാശസ്വനങ്ങൾ മീട്ടി.

vii

പാഞ്ഞുഞാൻ വെന്തുവെന്തന്തരംഗം
മാഞ്ഞുടൻ രാഗമണിപ്പതംഗം.

# സർഗ്ഗം പതിനൊന്നു്

i

ആരാമലക്ഷ്മി വസന്തകാല
മാരാലെടുത്തു പുണൎന്നപോലെ.
എത്രമനോഹരമെന്റെ രാഗ-
സത്തവതീർണ്ണമായ് തീൎന്നകാലം.

ii

സുന്ദരമായ പ്രദോഷമിങ്ങും
വന്ദനംചെയ്യാം പ്രഭാതമങ്ങും

iii

കയ്യുനിവൎന്നു മധുരിമയൊ-
ന്നെപ്പൊഴുമൂഴി വിതച്ചവേദം.

iv

തങ്കമരീചി വിളങ്ങിയന്തി-
ക്കുങ്കുമച്ചാറിലുലഞ്ഞുപൊന്തി.

v

ചെന്തളിരോമലിവൃത്തിവൃത്ത
കാന്തിയാൎന്നപ്പൂൎണമാചരിക്കേ,
ഓമൽപട്ടാടയണിഞ്ഞു ദേവി
കാമമൎഷിത മഹൎഷിയായി.

vi

കത്തിപ്പൊലിയും കതിരണഞ്ഞാൽ
എത്തിക്കഴിയും കവൃത്തകാലം.

vii

അങ്ങൊരു ദിക്കിലറിഞ്ഞിടാത്ത
വ്യംഗ്യം ഗ്രഹിക്കുക മൎത്ത്യബോധം.

viii

അന്തരിക്കാത്ത പ്രണയരംഗം
സന്തതം ജീവിതഭാഗ്യസാരം.

ix

ഉൾച്ചതിതൂവുന്ന പുഞ്ചിരിയാ-
ണിജ്ജഗന്നാശകരാളഖൾഗം.

— മുപ്പതു് —

x

മുന്നോട്ടണയാനടുത്തജാല്യ-
മുന്നതകാന്തിവിനഷ്ടമാക്കി.

xi

കൺമിഴിമൂലപ്രകൃതിനോക്കി
കണ്ണിമയ്ക്കാതെ പരുങ്ങിനിന്നു.

xii

ഓടക്കുഴലുയന്നച്ചോടിയിൽ
കൂടിയൊരാനന്ദഗാനമോടി.

xiii

ക്രൂരിരുളെത്തുന്നതിന്നു മുന്നേ
തേരുരുൾ വേഗമടുത്തുഞാനും
മായിക—എന്നെച്ചതിച്ചുദൂരെ-
പ്പോയി—ഞാൻ കഷ്ടം! നിഹതനായി.

# സർഗ്ഗം പന്ത്രണ്ട്

i

കാൽച്ചിലമ്പോടികളിരിളക്ക
മാൽത്തറതന്നിൽ സുഷമദേവി.

ii

പിന്നിൽഞൊറിഞ്ഞു നിലമണിഞ്ഞ
സുന്ദരസാരി പറന്നുയർന്നു.
ശക്രവില്ലാകാശ മററച്ചുററി
സൽക്രിയാപുണ്യ ഫലങ്ങളായി.
കൊഞ്ചിക്കുഴഞ്ഞു ലസിച്ചിരുന്നു
വഞ്ചിച്ചിരുന്നു മമാന്തരംഗം.
ചിത്രമാം ചിത്രകം മുഗ്ദ്ധകാമ—
പത്രവിലാസ വിഭവധാമം
അക്ഷരഭാവം വരച്ചനല്ലോ-
രക്ഷരമഞ്ജന മൈത്രിമാത്രം.

iii

ആയിരമായിരമായി ലേഖ–
നായിക ലേഖനം തീക്കയായി.
ആയതിലൊന്നും ശരിക്കുനോക്കി
വായിപ്പതിന്നുമനക്ഷരൻ ഞാൻ.

iv

ചുററിപ്പറന്നൊരു മന്ദവാതം
മുററും പരിമള സാരപൂരം
ആൽത്തറയെങ്ങു മലംകരിച്ചു
ഉത്തമവേദ വിശുദ്ധതത്വം.
സുന്ദരവൃന്ദാവനതലത്തിൽ
നന്ദനു മായാതനയനായി
ഗോനിരയ്ക്കൊക്കയും നാഥനായി
ഗോപികൾക്കൊക്കയും രാജനായി
ഗോവർദ്ധനോദ്ധാരകൗതുകനായ്
പാവനപുണ്യചിദാകരനായ്
ഓടക്കുഴൽ മണിഗീതമൊന്നാൽ
മാടിനുമാനന്ദമാരു നൽകി

അപ്രഭാപൂരമുതിൎത്തതെങ്ങും
നൽപ്പൂത്തുമോഹനരാഗമല്ലോ.

vi

അങ്കുരം ജീവിത മന്തമെന്നീ
സങ്കരം രാഗവിഭാഗമെന്നും.

vii

മാനവൻ വാനവനാകുവാനി-
ദ്ധേനുവിൻ ക്ഷീരം കുടിക്കമാത്രം.

viii

ശുദ്ധസൌഹാൎദ്ദമണിഞ്ഞതന്നല്ലോ-
രൎത്ഥിയോ പാൎത്ഥിവജീവിയല്ലോ.
നിൎദ്ദയശീലനാം സ്വാൎത്ഥചിത്തൻ
പാൎത്ഥിവനൎത്ഥിയിലെത്രനീചൻ.

ix

ലോകമെല്ലാടവുമൊന്നുപോലെ
ശ്രീകരംകോരിത്തളിച്ചപോലെ.

x

വാർമുടിമൂടിക്കവന്നിരുന്ന
ചാരുനിതംബമലസമായി
അക്കരിംകല്ലിനണച്ചുസൌഖ്യം
ഉൾക്കളംകത്തിക്കരിഞ്ഞെനിക്കും.

xi

പാതിമെയ്യങ്ങോവലഞ്ഞിടുന്നു
പാതിയത്ത്യാനന്ദമാന്നിടുന്നു.

xii

വീണമീട്ടീടുംനിമേഷമയ്യോ!
ക്ഷോണിയിൽ അന്ത്യമരുത്തൊരെണ്ണം

xiii

മാലാറുമാറുമനോഹരാംഗി
യാലോലരാഗമുതിത്തുയന്നു.
ഓമനേ! എന്നു കുതിച്ചുചിത്തം
പ്രേമംപറന്നുമറഞ്ഞുവേഗം.

# സർഗ്ഗം പതിമൂന്നു്

i

ചെങ്കുങ്കുമപ്പട്ടണിഞ്ഞൊരാഴി
പങ്കജപ്രേമിയെയാഞ്ഞു പുൽകി.

ii

മജ്ജനവ്യാജേന മിത്രനേററം
പ്രോജ്ജ്വലൽരത്ന തടത്തിലെത്തി.
സ്വാത്ഥതതന്നെയാന്നൂഴി വാഴും
പാത്ഥിവന്മാക്കു മണിമകുടം.

iii

രാഗസൗഭാഗ്യമതല്ലികയിൽ
രാജിക്കും പാടലതൈക്കരുന്നാൽ
വാരുണദിക്കു വിരിച്ചതല്ലെ
മാരുണദാരുണ വഞ്ചിതയാൽ.
വാരൊളി മഞ്ജിമയഞ്ജിയെങ്ങും
വാടിക്കഴിഞ്ഞുടനാശകളും.

iv

താപവർണ്ണത്താൽ മുഖംമറച്ചു
താമസരേഖകൾ വന്നടുത്തു.

v

ദൂരത്തു ഭീകര നൃത്തമാടും
ക്രൂരിരുൾപ്പെൺ തിരനോട്ടമായി.

vi

മോഹനശുഭ്രമുകിൽനിരകൾ
മേലോട്ടു വേഗം കുതിക്കയായി.

vii

അംബരമോരോന്നു മാറി മാറി
അംബരമമ്പരന്നങ്ങു നിന്നു.

viii

അന്തിക്കിളികൾ ജപിച്ച നാമ-
മന്തരാത്മാവിനെ ചിന്തചെയ്തു.

ix

അന്യമെന്നില്ലാത്ത ശബ്ദകോശ
സുന്ദരരംഗം തരംഗമാടി.

X

മററൊന്നിൻ പുഞ്ചിരിതന്നെയാകും
മുററതായുള്ള പൂമന്ദഹാസം.

xi

കുററവും നന്മയുമൊന്നിനൊന്നായ്
പററിപ്പിടിച്ചതാണീയുലകം
പാലും ജലവും തിരിക്കുമന്ന-
പ്പേലവപ്പോതകമാകണം നാം.

xii

അന്തിമവായുവുമന്തരീക്ഷം
ബന്ധുരമാക്കും വിശിഷ്ടരാഗം
അദ്ദിവം മാറെറാലിക്കൊണ്ടിരുന്നു.
മൃത്യുവനശ്വരമെന്നു പാഠം.

xiii

നാശമില്ലാത്ത മനുജജന്മം
നാരകംതേടുന്നസൂയമൂലം

xiv

കട്ടിപ്പുരപ്പെലിനൊത്തുഗാത്രം
പെട്ടുപോയാലുമുണ്ടൊന്നുനിത്യം.

നിസ്തുലസൌഹാർദ്ദതപ്രസാരം
നിത്യചൈതന്യസത്താത്മ പൂരം.

XV

ആഴിയിൽ താഴുന്നഹസ്കരനു-
ണ്ടൂഴിയിൽ മറ്റൊരിടത്തുപാദം
ആയിരംകൈകളുമൊന്നുപോലാ-
ണായതരാഗമണിഞ്ഞിരിപ്പൂ!!

xvi

ആലിംഗനത്തിനു മാത്മസൌഖ്യം
മാലിന്യമേലാത്ത പുഞ്ചിരിക്കും.

xvii

ത്തുമചാരിത്ര്യമാണൂഴികാക്കും
പ്രേമപ്രഭാവ പ്രഭാപ്രസരം.

xviii

അസ്ഥലമാന്നഹ മോടിയെത്തി
നിസ്തുലപ്രേമം മറഞ്ഞുപോയി.

# സൎഗ്ഗം പതിന്നാലു്.

i

സത്യസൌന്ദൎയ്യപ്പൂ മന്ദഹാസ
സത്തായാണൂഴിപ്പടർപ്പൂവല്ലി.

ii

സൌന്ദൎയ്യമൊന്നുതാൻ ജീവനെന്നും
സൌഹാൎദ്ദമൊന്നുതാൻ സത്യമെന്നും.

iii

വാരൊളിത്തങ്കസിംഹാസനത്തിൽ
പാരുലയ്ക്കും ധന മാന്ത്രികത്തിൽ
ആരൊക്കെ മുങ്ങട്ടുയൎന്നിടട്ടെ
നേരിടാനുണ്ടു വിരുദ്ധമേകം.

iv

ക്രൂരിരുളാടി നടന്നുവന്നു
ചോരനും ചോരണം വീരകൃത്യം.

v

അല്ലിൻമടിയിലടിഞ്ഞിരിപ്പൂ
കല്യമാം വർണ്ണഗുണങ്ങളെല്ലാം
അശ്രാന്ത വിശ്രാന്തി കാവൽ നിൽക്കും
ശാശ്വതസൌഖ്യമതിങ്കൽലീനം.

vi

പിന്തുണയ്ക്കുണ്ടൊരു പാണിയെന്നാൽ
സന്തതമെന്തു മുയൻപോകും.
ശാന്തസലിലമലച്ചുപൊക്കാൻ
ഗന്ധവാഹനൊരു മാത്രപോരും.

vii

നിർമ്മല രാഗപരാഗപൂര
കർമ്മമാണീശ്വരനാക്കുമെന്നും.

viii

തങ്കമരീചികയ്ക്കുള്ള കാന്തി
പങ്കജം പേറുന്ന മന്ദഹാസം
കോകിലമോതുന്ന പൂതഗീതം
ലോകത്തിനെന്നും മണിപ്രകാണ്ഡം.

ix

ഭാവനാനിമ്മിത ഭേദമോരോ
ഭാവമൊന്നത്രേ മതമൂലകിൽ.

x

ശക്തിയും ശാന്തിയും ത്രാസണിഞ്ഞാൽ
ശക്തിതൻ തട്ടേയുയൻനില് ക്രു:
അപ്പൊാക്കമുത്തമമെന്നു കണ്ടാ-
മല്പജ്ഞർ സ്വാതന്ത്ര്യം ചാർത്തിടുന്നു.

xi

രാവും പകലുമിണങ്ങിനിന്നാൽ
രാപകലാരു തിരിച്ചറിയും
'ഞാനന്യ' ചിന്തയുരുണ്ടരുണ്ടാൽ
താനൊന്നായാരു ശരിക്കു കാണും.
അവ്യക്തനവ്യയനാത്മരൂപൻ
ഭവ്യനവരിലവരുതന്നെ.

xii

മാനവ വാനവാഭേദ്യമാകും
ശ്രീനവം രാഗമായ് തീർന്നിടുമ്പോൾ.

ഏതൊരു ജീവനനിത്യമായി
പാതാളമെത്തിയിരുണ്ടിടുന്നു?

xiii

ലേഖനകാവ്യവിലാസഭാവം
ലേഖനടനരസപ്രകാശം
ആനന്ദ നന്ദന സൌകുമാര്യം
ആ നന്ദ നന്ദനാമൂല്യഗീതം
ധർമ്മസുകർമ്മ പ്രകാണ്ഡകാണ്ഡം
നർമ്മസൌഭാഗ്യ മണിനിലയം
സർവ്വസമ്പൽസുകുമാരകാല്യം
ഉർവ്വരസൽക്കവി ജീവമാല്യം.

xiv

മോടിയിലെത്തി മധുപരെത്ര
ധാടിയിൽ തേൻ നുകന്നാലുമെന്നും
വാടാതനശ്വരകാന്തിയേന്തു-
മീടാന്നതത്വമപ്പൂഷ്പമാല്യം.

xv

അസ്തമിക്കാത്തൊരു രാഗസത്താൽ
നിത്യംചതിയിൽ ഫതാശചാർത്തി.

നാനാവിചിത്ര വിശേഷസൂന
മോരോന്നിണങ്ങിയ തങ്കത്തളിൽ
പാരെരിത്തീ ചൊരിഞ്ഞെന്നുമൊന്നും
വീരപരീക്ഷണം ചെയ്യുപാരം
തോരാതെ കണ്ണുനീർ ധാരയിങ്കൽ
തീരാതുയന്നതീ രാഗസൂത്രം.

xvi

നല്ലരിഫാസം മഥിച്ചസൂയാ-
കല്പനനന്നേക്കടിച്ചുതുപ്പി
ആകെക്കരിഞ്ഞു വലഞ്ഞുയന്ന
നാകമനോഹരമിപ്രകാശം.

xvii

അത്തന്ത്രിയെത്ര തപിക്കുമോ ഭ്രു-
വത്രയ്യൂതിന്നെ ബ്ഭജിക്കുമെന്നും.

xviii

അല്ലിലും നല്ലവെളിച്ചമെന്ന-
ങ്ങുല്ലാസമാന്നുത്തെത്തിയപ്പോൾ
മെല്ലെച്ചിരിച്ചു കുതിച്ചപ്രേമം
വല്ലാതെഞാനും കുഴങ്ങിയേററം.

# സർഗ്ഗം പതിനഞ്ചു്

i

ആശകളൊക്കയും തങ്കംപൂശി
പേശലമായിച്ചമഞ്ഞിതപ്പോൾ.
നീലനീരന്ധ്രമണിഞ്ഞതാല
ലോലപീതാംബരം കുത്തഴിഞ്ഞു.

ii

കാലികശീതള മൌക്തികങ്ങൾ
പ്രാലേയമഞ്ജുകണങ്ങൾ തൂന്നു
മാരുതനോടി സുരഭിയായി.
ഭൂരുഹമാടിയുപരിയായി
യാമിനിതൻ കചഭാരമങ്ങി-
ങ്ങാമയമായി നിഴലണിഞ്ഞു.

iii

അന്തരിച്ചാകില്ല മന്മററ-
തന്തരംഗാത്മ പ്രണയം മാത്രം.

അവ്യക്തമപ്രഭ തന്നിലെന്നും
സുവ്യക്തമാകുന്ന മററുജന്മം
സൂര്യനിൽചൂടുന്ന ചിന്തരാവി-
ലോരോരോ സ്വപ്നമായ് തീർന്നിടുന്നു.

iv

അങ്ങൊരു വല്ലിയിൽ പുഞ്ചിരിച്ചു
മങ്ങിയപുഷ്പങ്ങൾതന്നെ മർത്ത്യർ
അപ്പരിശുദ്ധവൃന്ദാവനത്തിൽ
അച്ചെടി മേളിച്ചതാരറിഞ്ഞു?

v

ചേരുമിഷ്ടാനിഷ്ടഭാവം ജന്മ-
ച്ചേരുവകൊണ്ടു ഭവിപ്പതത്രേ.

vi

ഇന്നലെ നാണിച്ചൊളിഞ്ഞ ചന്ദ്ര-
നിന്നതിൽ കൊച്ചും വലുതുമല്ലോ.

vii

പീയൂഷപാണിതെളിഞ്ഞു ഭൂവൊ
ന്നായിമുറുകെപ്പുണരുന്നപോതും

അപ്പടി തന്നിലമന്നിടാതെ-
നില്പതുണ്ടങ്ങിങ്ങിരുൾ തടങ്ങൾ.

viii

ഒട്ടുപേരങ്ങും രസിച്ചു മായ-
ക്കെട്ടിൽ കറങ്ങിയുപാസിച്ചിടുന്നു.
രാഗപരാഗസുരഭിവാത-
വേഗമിയന്നതാണത്തടവും.

ix

ഓരോ മരീചിയും പാഞ്ഞടുത്തി
ട്ടോരോന്നിനേയുമെടുത്തു പുൽകി.
ഹർഷരോമാഞ്ചസൽകഞ്ചുകത്തിൽ
മർഷണമാർന്നു മയങ്ങിയെല്ലാം.

x

പാഴ്മണൽത്തിട്ടിലുമുമ്മവച്ചു
പാഞ്ഞുകളിക്കുമക്കാന്തിപൂരം
നിർമ്മല കർമ്മവിലാസമാളും
മർമ്മംപിളർക്കും പ്രണയമത്രേ.

xi

എത്രയോ നാഴിക ദൂരെനിന്നും
പൃഥ്വിയിലേക്കു കുതിച്ചിതയ്യോ
ഏതെല്ലാം പൊൽക്കരമത്തിരുമെയ്
ചാടിപ്പിടിപ്പതിനോർത്തതില്ല.

xii

താനെഗ്ഗുണങ്ങൾ വരുന്നു ലോകം
താനെ കറങ്ങുന്നതിന്നപാകം.
താനെ നശിക്കുന്നുയന്നിടുന്നു
മാനവർ കൃത്യവിവേചനയിൽ.

xiii

രാഗമനോഹരി മഞ്ജുസാരി
ഭൂതലമെല്ലാമിഴഞ്ഞുടത്തു.

xiv

കൂടിയിട്ടുണ്ടൊരിട;മപരം
കൂടാതെയും; കുറച്ചന്യഭാഗം
മാറിത്തിരിവതുണ്ടുസ്ഥലവും
ഓരോ കപടമിഴിമുനയിൽ.

## xv

ഒന്നിനെ കെട്ടിപ്പിടിക്കുമോമൽ
ഒന്നിനു പുഞ്ചിരിച്ചിഷ്ടമേകും
ഒന്നിനു കൺകടമോദമേകും
ഒന്നിനെച്ചിത്തം തഴുകിവാഴും
ഓരോന്നുമോമലാൾ സ്വന്തമെന്നായ്
പാരം പൊരിഞ്ഞു പണിപ്പെടുന്നു.

## xvi

കാഞ്ചനപ്പഞ്ജരമേകിയാലും
വഞ്ചന രാഗക്കിളിക്കുമോദം.

## xvii

സ്സർവ്വസംപൂജ്യമിസ്സ്നേഹമെങ്ങോ
സ്വവ്വരദേശസുഖങ്ങളെങ്ങോ?

## xviii

ആടിഞാൻ, ഓടിഞാൻ, വാടി—മോടി-
ക്കൂടിടാ—താടലാ വാടിയെല്ലാം.

— നാൽപത്തിരണ്ടാംപാട്ട് —

## xix

സുന്ദരതാരകളൊന്നിനൊന്നു
ഭിന്നമായ് മങ്ങുമുണരുമപ്പോൾ
മർത്ത്യവിമൂഢവിശേഷവേഷം
പേർത്തുഹസിക്കുകതന്നെയാവാം.

## xx

രാജസൽപ്രാഭവകേതുവിങ്കൽ
രാജിക്കുംരത്നപതാകചൂഴം
രാഗം കുറുക്കിയോരന്തരീക്ഷ-
ഗോളമദ്ധ്യത്തിൽഞാനമ്പരന്നു.

## xxi

മാത്രയ്ക്കുമുമ്പുമറവിമായ്ക്കും
മാനവകാലം കിനാവുതന്നെ.

## xxii

ജീവിതലക്ഷ്യം ചുടലയല്ല
ജീവിതസാരം വിരോധമല്ല
പാവനരാഗം പുണർന്നുനിന്നാൽ
ജീവിതം നിത്യം സുശോഭനീയം.

## xxiii

മഞ്ഞുനീർത്തുള്ളിയാൽ മുത്തിണങ്ങും
മഞ്ജുവൊഢ്യാണമണിഞ്ഞലോകം
മിന്നിത്തിളങ്ങിക്കളിച്ചു കാലം
വന്നെത്തിടാത്ത വിചാരജാലം.

## xxiv

അച്ചക്രവാളത്തിലൊക്കയും നൽ
പുൽക്കൊടിയാടിത്തെളിഞ്ഞനേരം.
പച്ചക്കിളിയവയ്ക്കുള്ളിലേററം
തത്തിക്കളിച്ചു രസിക്കയായി.
ഉവ്വിയറിയുന്ന ഭാവമെല്ലാം
നിവ്വികല്പസ്ഥിതിയിങ്കലെന്നും
അപ്പരിശുദ്ധമാംരമ്യഹമ്മ്യം
തപ്പിത്തടഞ്ഞവൾ കേഴകല്ലി.

## xxv

പൂവൊളിചിന്നും മുകിൽനിരകൾ
ഓരോന്നുഭേദിച്ചുരുണ്ടുയൎന്നു.
എങ്ങുമെവിടയുമൊന്നുപോലെ
മങ്ങും തെളിയും മനോവിലാസം.

— അൻപത്തിന്നേ് —

xxvi

കണ്ടതില്ലദിവ്യ വന്ദ്യഭാഗം
വിണ്ടലഭാഗ്യവിശിഷ്ടരാഗം

xxvii

മിന്നാംമിനുങ്ങുകൾ നൃത്തമാടും
സുന്ദരവല്ലിപ്പടർപ്പുകളിൽ
പല്ലവിപാടിക്കരുതിനിന്നു
നല്ലമരതകപ്പച്ചിലകൾ.

xxviii

ആനന്ദവേണു നിനദമപ്പോ-
ളാനന്ദനത്തിൽ ശുഭംകലന്നു
തത്രപവിത്ര മണിത്തറയൊ-
ന്നെത്രയും മോഹനമായിമാറി.

xxix

ആത്മപ്രണയ വിലാസരംഗം
ആത്മരക്തത്താൽ നിമഗ്നമംഗം
മോദനിലയനം സുപ്രകാമം
നാദസ്വരൂപം മനോഭിരാമം

XXX

സ്വത്വതെല്ലമില്ലസ്ഥലത്തിൽ
ധൂൎത്തും ചതിയും കലുഷതയും.
കാന്തിപ്രധാനമേ കാന്തരൂപം
ശാന്തം വിശാന്തം പ്രശാന്തമേററം.

XXXi

ആ മലർത്തൊത്തെരിപ്പട്ടയാ-
ണാകുലമാക്ക മകരവുമേടം.
ചെമ്പട്ടുടുപ്പ്;വളേകുമെത്തും
ചെങ്കോൽപ്രഭയ്ക്കും ഇരക്കരയ്ക്കും.

XXXii

അങ്ങുനിന്നാടുന്നുണ്ടാടൽവിട്ടെൻ
മംഗലരാഗവിലാസലക്ഷ്മി
സൎവ്വമതങ്ങളുമപ്പദത്തിൽ
സൎവ്വതപങ്ങളുമത്തടത്തിൽ.

XXXiii

ഇത്തിരുവേദിതിരഞ്ഞഹോ ഞാ-
നിദ്ധരയെത്ര വലത്തുവച്ചു.

എത്രസഹിഷ്ണുതകൊണ്ടു ബാഷ്പ-
മെത്രപൊഴിച്ചുനിഷ്ഫതനായി.
എത്ര വിപത്തു കടന്നു ഖേദി-
ച്ചെത്രയലഞ്ഞു പൊരിഞ്ഞുപോയി.
എത്ര പരിഹാസമാണ്ടു കഷ്ട-
മെത്രയ്യെന്നായുസ്സു നഷ്ടമായി
ലൌകികത്തിന്റെ കുഴച്ചിലിലും
കാപട്യപ്പുഞ്ചിരിക്കൊഞ്ചലിലും
കള്ളക്കടക്കണ്‍ നടനത്തിലും
വല്ലാത്ത ശൃംഗാരരീതിയിലും
ആടയിണക്കിയിളക്കിയെന്നിൽ
കാട്ടുകശ്ശം തന്നെ വളർത്തിയെന്നും.
ജീവിതാധാരവിശുദ്ധദേവീ!
പാവനപുണ്യഫലസ്വരൂപീ
പാരിനെല്ലാററിനു മീശ്വരീ നീ,
സാരമററകശ്ശക്കധിപതി നീ.
രാഗമേ! നിന്നെത്തഴുകുവാൻ ഭൂ
ഭാഗംഞാനെത്ര വലഞ്ഞുവച്ചു?

## xxxiv

ചെഞ്ചൊടിചെറവുതെളിഞ്ഞുസാരി-
ത്തുഞ്ചിനാൽവേൎത്തമുഖംതുടച്ചു
മഞ്ജുളഗാനമുതിൎത്തുദേവി
മഞ്ജുകിസലയപ്പാണിയാട്ടി-
പ്രേമമെൻനേരെ കുണുങ്ങിനിന്നു
മാമകചിത്തം പിടച്ചിരുന്നു.

## xxxv

തീരാവികാരതരംഗപൂരം
പാരാതിളകിയ പാരാവാരം
പാരമാനന്ദ പ്രചുരിമയാൽ
'ഹാ; രാഗ'മെന്നു കുതിച്ചണഞ്ഞു.

## xxxvi

"പോരികെ"ന്നോമലെടുത്തു ചാടി;
ആ രംഗതന്നിലുയൎന്നു ദേവി.

XXXVII

കാമുകൻ കൂടിയടുത്തുവേഗം.

പ്രേമം പുണൎന്നുപുണൎന്നുനിന്നു.

അച്ചിത തന്നിൽനിന്നുച്ചലിച്ചു

സച്ചിതാനന്ദസ്വരൂപരാഗം.

ബി. വി.
നാലണാപദ്യപ്രസിദ്ധീകരണങ്ങൾ

ഹേമന്തചന്ദ്രിക—ചങ്ങമ്പുഴ.

ഹൃദയസ്മിതം—ഇടപ്പള്ളി.

രാഗതരംഗം—നാലാങ്കൽ.

പ്രേമം—ചെമ്പിൽ.

ബി. വി. ബുക്കുഡിപ്പോ ആൻറ്
പ്രിൻറിംഗ് വർക്ക്സ്,
തിരുവനന്തപുരം (ബ്രാഞ്ച്) തൃശ്ശിവപേരൂർ.

ബി. വി. നാലണാപദ്യപ്രസിദ്ധീകരണങ്ങൾ.

25535

# പ്രേമം.

E332

ഗ്രന്ഥകർത്താ,
ഡാക്ടർ എൻ. സി. നായർ.

പ്രസാധകന്മാർ,
ബി. വി. ബുക്ക്ഡിപ്പോ & പ്രിന്റിങ്ങ് വർക്ക്സ്,
തിരുവനന്തപുരം.

(ഒന്നാംപതിപ്പ്)

1113] [വില അണ 4.

എല്ലാ പ്രതികളിലും ഗ്രന്ഥകർത്താവിൻേറയും പ്രസാധകൻേറയും അടയാളമുണ്ടായിരിക്കും.